**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ഡ്യൂട്ടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി | | Shri. A. K. Saseendran (ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്കെത്തുന്നവർ ജോലിയിൽ പ്രവേശിക്കുന്ന (സൈൻ ഓൺ) മുതൽ ടിയാന്റെ ജോലി അവസാനിച്ച് തിരികെ ഇറങ്ങുന്നതുവരെ (സൈൻ ഓഫ്) വരെ പ്രസ്തുത ജോലിയിൽ തുടരുന്നതായാണോ പരിഗണിക്കുന്നത്; അവർക്ക് ജോലിയിൽ പ്രവേശിച്ച സമയം മുതൽ ജോലിയിൽ നിന്ന് ഒഴിവാകുന്നത് വരെ ജോലിയിലാണെന്നതിനാൽ അയാൾക്ക് പ്രസ്തുത സമയം വരെ ജോലിയ്ക്കുള്ള ശമ്പളം പറ്റുന്നതിന് അർഹതയുണ്ടോ; | (എ) | കെ.എസ്.ആർ.റ്റി.സി.യെ സംബന്ധിച്ച് 1961ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റിലെ 2(K) വകുപ്പ് പ്രകാരം ഡ്യൂട്ടി ആരംഭിക്കുന്നതു മുതൽ ഡ്യൂട്ടി അവസാനിപ്പിക്കുന്നതുവരെയുള്ള സമയത്തിന് ടി നിയമത്തിലെ 13-ാം വകുപ്പിലെ വ്യവസ്ഥ കൾക്കനുസരിച്ച് 8 മണിക്കൂർ ജോലി സമയത്തിന് ഒരു ഡ്യൂട്ടിയാണ് അനുവദിച്ച് നൽകുന്നത്. മറ്റ് പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | എങ്കിൽ കെ.എസ്.ആർ.ടി.സി. യിലെകണ്ടക്ടർ/ ഡ്രൈവർ എന്നിവരുടെ ജോലി കാര്യത്തിൽ മാത്രം ഇത് ബാധകമല്ലാതാകുന്നുണ്ടോ; ഇത്തരക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്ന (സൈൻ ഓൺ) മുതൽ വിട്ടുതൽ ചെയ്യുന്ന (സൈൻ ഓഫ്) വരെയുള്ള സമയം ഡ്യൂട്ടിയായിട്ടാണോ പരിഗണിക്കുന്നത്; | (ബി) | 1961ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റിലെ 2(K) വകുപ്പ് പ്രകാരം ഡ്യൂട്ടി ആരംഭിക്കുന്നത് മുതൽ ഡ്യൂട്ടി അവസാനിപ്പിക്കുന്നത് വരെയുള്ള സമയത്തിന് ടി നിയമത്തിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച് 8 മണിക്കൂർ ജോലി സമയത്തിന് ഒരു ഡ്യൂട്ടിയാണ് കെ.എസ്.ആർ.ടി.സി.യിൽ അനുവദിച്ച് നൽകുന്നത്. |
| (സി) | ഇവർക്ക് സൈൻ ഓൺ മുതൽ സൈൻ ഓഫ് വരെയുള്ള സമയം പ്രസ്തുത പണിയിൽ നിന്ന് ഒഴിവായി സ്വകാര്യമായ മറ്റേതെങ്കിലും കാര്യനിർവ്വഹണത്തിന് അനുമതി ഉണ്ടോ; ഇല്ലെങ്കിൽ ടി ജോലിയിൽ ഉള്ള സമയം മുഴുവനും ഇവർ എട്ട് മണിക്കൂർ ചേർന്ന ഓരോ ഡ്യൂട്ടിക്കും തുടർന്ന് ശമ്പളത്തിനും അർഹതയുണ്ടോ; | (സി) | ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് ഡ്യൂട്ടി സമയം മറ്റ് സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല. 1961ലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഡ്യൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) | എങ്കിൽ 18-01-2020ന് രാത്രി 21:45ന് കെ.എസ്.ആർ.ടി.സി. യുടെ തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റാന്റിൽ നിന്ന് ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം വരെയും തിരികെ 19-01-2020 13:05 മണിക്ക് തിരുവനന്തപുരത്തേക്കും ഡ്യൂട്ടി | (ഡി) | സർവ്വീസ് നടത്തിയിരുന്നു. TR.4/036992/2011, dtd.22.01.2019 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ആരംഭിക്കുന്ന 21.45-ന് മുമ്പുള്ള 15 മിനിട്ട് സൈൻ ഓണും, ഡ്യൂട്ടി |

| | | | |
|---|---|---|---|
| | സർവ്വീസ് ഉണ്ടായിരുന്നോ? എങ്കിൽ അതിനുള്ള സൈൻ ഓൺ, സൈൻ ഓഫ് എന്നിവയുടെ സമയം എത്രയായിരുന്നു; | | അവസാനിക്കുന്ന 21.30-ന് ശേഷമുള്ള 15 മിനിട്ട് സൈൻ ഓഫ് സമയവുമാണ്. |
| (ഇ) | എങ്കിൽ ഈ ഡ്യൂട്ടി നിർവ്വഹിച്ചവർ എത്ര മണിക്കൂർ ആകെ ജോലിയിലായിരുന്നു? എട്ട് മണിക്കൂർ ഓരോ ഡ്യൂട്ടി എന്ന കണക്കിൽ ആകെ എത്ര ഡ്യൂട്ടിക്കാണ് ടി സർവ്വീസ് പോയ ഇരുവരും അർഹരായിരുന്നത്; എന്നാൽകെ.എസ്.ആർ.ടി.സി ഇവർക്ക് എട്ട് മണിക്കൂർ ചേർന്ന എത്ര ഡ്യൂട്ടി നൽകി; ഇവർക്ക് നിയമപ്രകാരം നൽകേണ്ടിയിരുന്ന ഡ്യൂട്ടിയിൽ കുറവ് വരുത്തിയിരുന്നെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ; ഈ സർവ്വീസ് പോയ ഇരുവർക്കും എട്ട് മണിക്കൂർ ഓരോ ഡ്യൂട്ടി കണക്കാക്കി കൃത്യമായി ഡ്യൂട്ടി ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ? | (ഇ) | പ്രസ്തുത സർവ്വീസിന് നിയോഗിച്ച ജീവനക്കാർ 15 മണിക്കൂർ 10 മിനിട്ട് ജോലി ചെയ്തിട്ടുണ്ട്. 1961ലെ നിയമ വ്യവസ്ഥകൾ പ്രകാരം 2.5 ഡ്യൂട്ടിയും, വീക്ക്ലി ഓഫും ഉൾപ്പെടെ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ